# 2 തെസ്സലൊനീക്യർ



DBA | സംയുക്ത വേദ പഠനം

പൗലോസ് തെസ്സലൊനീക്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിന്റെ ഒരു പഠന രൂപരേഖ

*ഈ സംക്ഷിപ്ത പഠനം എൻ.കെ.ജെ.വി സ്റ്റഡി ബൈബിൾ അടിസ്ഥാനമാക്കിയുള്ളതാണ്*

# 2 തെസ്സലൊനീക്യർ

സംയുക്ത വേദ പഠനം

## ഒരു സംക്ഷിപ്ത അവലോകനം

**പുസ്തക വിശദാംശങ്ങൾ:** 2 തെസ്സലൊനീക്യർ വിശുദ്ധ വേദപുസ്തകത്തിലെ 53-ാം പുസ്തകവും പുതിയനിയമത്തിലെ 14-ാം പുസ്തകവും ആണ്. ഇതിൽ 3 അധ്യായങ്ങളും 47 വാക്യങ്ങളും അടങ്ങിയിരിക്കുന്നു. ഫിലേമോന് എഴുതിയ ലേഖനം കൂടാതെ, പൗലോസിൻറെ ലേഖനങ്ങളിൽ ഏറ്റവും ചെറിയ ലേഖനമാണ് 2 തെസ്സലൊനീക്യർ.

**എഴുത്തുകാരനും എഴുതിയ കാലവും:** പൗലോസ് ആണ് 2 തെസ്സലൊനീക്യർ ലേഖനം എഴുതിയത്. ആമുഖത്തിലും (1:1) ഉപസംഹാരത്തിലും (3:17) പൗലോസ് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. അന്തിമ വന്ദനം തൻറെ കൈപ്പടയിൽതന്നെ എഴുതിയതായി പ്രത്യേകം എടുത്തുപറയുന്നു (3:17). 1 തെസ്സലൊനീക്യർ ലേഖനത്തിനു തൊട്ടു പിന്നാലെ, ഏതാണ്ട് എ.ഡി. 51 നും 52 നും ഇടക്ക് കൊരിന്തിൽ താമസിക്കുമ്പോളാണ്, പൗലോസ് ഈ ലേഖനം എഴുതിയത്.

**സ്ഥിതി വിവരണം:** പൗലോസിൻറെ കാലത്ത് തെസ്സലൊനീക്യ റോമാ പ്രവിശ്യയായ മാസിഡോണിയയിലെ ഒരു പ്രധാന തുറമുഖവും തലസ്ഥാന നഗരവുമായിരുന്നു. റോം മുതൽ കിഴക്ക് ബൈസാന്റിയം വരെയുള്ള റോമാ ഹൈവേയായ 'വിയ ഇഗ്നേഷ്യയിലാണ്' ഈ സമ്പന്ന നഗരം സ്ഥിതിചെയ്തത്. ഈ സുപ്രധാന ഹൈവേയും തിരക്കേറിയ തുറമുഖവും, തെസ്സലൊനീക്കയെ റോമാ സാമ്രാജ്യത്തിലെ ഏറ്റവും ധനിക വ്യാപാര കേന്ദ്രങ്ങളിലൊന്നാക്കി മാറ്റി. ഒന്നാം നൂറ്റാണ്ടിൽ, നഗരത്തിലെ ജനസംഖ്യ ഏകദേശം 2,00,000 വരും, ഇതിൽ വലിയൊരു വിഭാഗം യഹൂദന്മാരും ഉണ്ടായിരുന്നു. എന്നിരുന്നാലും, 1 തെസ്സലൊനീക്യർ 1: 9 ൽ, നാം കാണുന്നത്, ഈ നഗരം വിഗ്രഹാരാധനയ്ക്കു അടിമപ്പെട്ടിരുന്നു എന്നാണ്.

**തെസ്സലൊനീക്യ സഭാ പശ്ചാത്തലം:** രണ്ടാമത്തെ മിഷനറി യാത്രയിൽ (എ.ഡി. 50-53) പൗലോസും ശീലാസും സുവിശേഷവൽക്കരിച്ച യൂറോപ്പിലെ ആദ്യത്തെ നഗരങ്ങളിലൊന്നായിരുന്നു തെസ്സലൊനീക്യ നഗരം. പൗലോസ് ഫിലിപ്പിയിലെ

ശുശ്രൂഷയ്ക്കുശേഷം നൂറു മൈലുകൾ സഞ്ചരിച്ച് തെസ്സലൊനീക്യയിലേക്കു വന്നു. യഹൂദ പള്ളികളിൽ കേവലം മൂന്നു ശബത്ത് ദിവസങ്ങൾ (മൂന്നു ആഴ്ചകൾ) മാത്രം പൗലോസ് പ്രസംഗിച്ചതിന്റെ ഫലമായി സഭാ രൂപപ്പെട്ടു. അത്തരമൊരു ചുരുങ്ങിയ കാലയളവിനുള്ളിൽ പൗലോസ് യഹൂദന്മാരുടെ മാത്രമല്ല, ദൈവഭയമുള്ള ഗ്രീക്കുകാരുടെയിടയിലും വലിയ വിജയം നേടി. തെസ്സലൊനീക്യ സഭയെകുറിച്ചു പൗലോസിന് വ്യക്തമായ ഒരു പദ്ധതി ഉണ്ടായിരുന്നു. ഭൂമിശാസ്ത്രപരമായി, തന്ത്രപരമായ സ്ഥാനത് സ്ഥിതിചെയ്ക മൂലം, ചുറ്റുമുള്ള പ്രദേശങ്ങളായ മാസിഡോണിയയിലും ഗ്രീസിലും സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള ഒരു അടിത്തറയായി തെസ്സലൊനീക്യ മാറുമെന്ന് താൻ പ്രതീക്ഷിച്ചു. പൗലോസിൻറെ പ്രത്യാശ വ്യർഥമായില്ലെന്ന് 1 തെസ്സലൊനീക്യർ 1: 8-ൽ നാം മനസ്സിലാക്കുന്നു.

കഠിനമായ പീഡനത്തിൻറെ നടുവിൽ രൂപപ്പെട്ട സഭയെന്നുള്ളതായിരുന്നു തെസ്സലൊനീക്യ സഭയുടെ ശ്രദ്ധേയമായ സവിശേഷത. (പ്രവൃ.17:1-9). യെഹൂദന്മാരുടേയും ഗ്രീക്കുകാരുടേയും ഇടയിൽ പൗലോസിന് കൈവന്ന വിജയം ഹേതുവായി അസൂയപ്പെട്ടും, മാത്രവുമല്ല ക്രിസ്ത്യാനികൾ യെഹൂദാ പള്ളികളിൽനിന്ന് ദൈവഭയമുള്ള ഗ്രീക്കുകാരെ ആകർഷിക്കുന്നു എന്നും കണ്ടു, രോഷാകുലരായ അവിശ്വാസികളായ യെഹൂദന്മാർ, ദുഷ്ടന്മാരെ വാടകയ്ക്കെടുത്തു പൗലോസിന് വിരോധമായി ആക്രമണം അഴിച്ചുവിട്ടു. അവർ കൈസർക്കു വിരോധമായി യേശുവെന്ന വേറൊരു രാജാവിനെക്കുറിച്ച് പഠിപ്പിച്ചതായി രാജ്യദ്രോഹ ആരോപണം ഉന്നയിക്കുകയും ചെയ്തു. പൗലോസ് രാത്രിയിൽ ബെരോവയിലേക്ക് ഓടിപ്പോകേണ്ടിവന്നു. പീഡകന്മാർ അവിടെയും അവനെ പിന്തുടരുന്പോൾ, പൗലോസ് അവിടംവിട്ട് അഥേനയിലേക്കു പോയി, ഒടുവിൽ കൊരിന്തിൽ എത്തിച്ചേർന്നു. തെസ്സലൊനീക്യയിലെ പുതിയ സഭയെകുറിച്ചുള്ള ഭാരം നിമിത്തം, പൗലോസ്, അവരുടെ വിവരം അറിയേണ്ടതിനായി, തിമൊഥെയോസിനെ തെസ്സലൊനീക്യയിലേക്കു തിരിച്ചയച്ചു. തിമൊഥെയൊസ് ഒരു പ്രോത്സാഹനജനകമായ വിവരമായിട്ടാണ് മടങ്ങിവന്നത് : തെസ്സലൊനീക്യ സഭ പീഡനത്തിന്മദ്ധ്യേ സഹിച്ചുനിന്നു. മാത്രമല്ല, തെസ്സലൊനീക്യ വിശ്വാസികളുടെ സാക്ഷ്യം, മാസിഡോണിയയിലുടനീളം വ്യാപിച്ചുകൊണ്ടിരുന്നു (1 തെസ്സ 1: 8). ഈ ലഭിച്ച വിവരം; യുവ സഭയെ പ്രോത്സാഹിപ്പിക്കുന്നതിനായും, മാത്രവുമല്ല തിമൊഥെയൊസിന്റെ കൈവശം അയച്ച ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനായും, തെസ്സലൊനീക്യർ ഒന്നാം ലേഖനം പൗലോസിനാൽ എഴുതപെടാൻ കാരണമായിഭവിച്ചു. ഇതിനെത്തുടർന്ന്, അന്ത്യ കാലത്തെകുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ ഉടലെടുത്തു. തെറ്റായ പഠിപ്പിക്കൽ

സഭയിലേക്ക് കടന്നുവരാൻ തുടങ്ങി. ഈ ആശങ്കകൾ പരിഹരിക്കാനായി പൗലോസ് ഉടൻതന്നെ 2 തെസ്സലൊനീക്യർ എഴുതി.

**ഉദ്ദേശം:** തെറ്റിനെ തിരുത്തി പകരം സത്യത്തെ വയ്ക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് 2 തെസ്സലൊനീക്യർ എഴുതപ്പെട്ടത്. നേരത്തെ സൂചിപ്പിച്ചതുപോലെ, 1 തെസ്സലൊനീക്യരിൽ 'ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിനെകുറിച്ചുള്ള' പൗലോസിൻറെ ഉപദേശം ചില വിശ്വാസികൾക്കിടയിൽ ചില തെറ്റിദ്ധാരണകൾ സൃഷ്ടിച്ചു. അവർ ഒത്തൊരുമിച്ച് ജോലി നിർത്തി, അലസരും നിഷ്ക്രിയരും ആയിത്തീർന്നു. ആശയക്കുഴപ്പം വര്ധിപ്പിക്കുമാറ് ചില ദുരുപദേഷ്ടാക്കന്മാർ, കർത്താവിൻറെ ദിവസം വന്നു കഴിഞ്ഞുവെന്ന് വിശ്വാസികളെ പഠിപ്പിക്കാൻ തുടങ്ങി. ഒരുപക്ഷേ, അവർ കടന്നുപോയ പീഡനത്തിൻറെ തീവ്രതയായിരിക്കാം ഈ കാഴ്ചപ്പാടിന് വഴിയൊരുക്കിയത്. അതിനാൽ, തെറ്റിദ്ധാരണകൾ തിരുത്താനുള്ള ഒരു ലക്ഷ്യത്തോടെ; തെറ്റായ ഉപദേശത്തെ എതിർക്കുന്നതിനും, കർത്താവിൻറെ രണ്ടാം വരവിനെക്കുറിച്ച് ശരിയായ ധാരണ നൽകുന്നതിനും വേണ്ടി, 1 തെസ്സലൊനീക്യർ എഴുതിയതിനു തൊട്ടുപിന്നാലെ പൗലോസ് 2 തെസ്സലൊനീക്യർ എഴുതുവാൻ ഇടയായി.

**പ്രതിപാദ്യവിഷയം:** കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവ് പ്രതീക്ഷയോടെ കാത്തിരിക്കേണ്ട ഒരു സംഭവമാണ്. എന്നാൽ ഉദാസീനതയ്ക്ക് ഒരു ഒഴികഴിവായി ഉപയോഗിക്കരുത്. "കർത്താവിൻറെ ദിവസം" ഇതുവരെ വന്നിട്ടില്ല, അതിനു മുമ്പേ വലിയൊരു വിശ്വാസത്യാഗം സംഭവിക്കുകയും, അധർമ്മമൂർത്തിയായവൻ രംഗപ്രവേശനം ചെയ്യേണ്ടതും ഉണ്ട്. വിശ്വാസികൾ ദൈവത്താൽ വിളിക്കപ്പെടുകയും ക്രിസ്തുവിന്റെ വേലയിലൂടെ രക്ഷ പ്രാപിക്കുകയും ചെയ്തു. അതുകൊണ്ട് അവർ ക്രിസ്തുവിൽ ഉറച്ചുനിൽക്കുകയും (2:15) അദ്ധ്വാനിക്കുകയും (3:12) നന്മചെയ്യുന്നതിൽ തളർന്നുപോകാതെയും (3:13); നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവിനായി ക്ഷമയോടെ കാത്തിരിക്കണം.

**2 തെസ്സലൊനീക്യരിൽ ക്രിസ്തു:** തന്റെ ആദ്യത്തെ ലേഖനത്തിലെന്നപോലെ തന്നെ, എല്ലാ ക്രിസ്ത്യാനികളുടെയും സന്തോഷകരമായ പ്രത്യാശയായിട്ടാണ് യേശു ക്രിസ്തുവിനെ പൗലോസ് അവതരിപ്പിക്കുന്നത്. അവന്റെ ഒടുവിലത്തെ വരവ് എല്ലാ തെറ്റുകളെയും പരിഹരിക്കും. 2 തെസ്സ. 1:6-10ൽ പൗലോസ്, സ്വർഗ്ഗത്തിൽ നിന്നു തന്റെ ശക്തിയുള്ള ദൂതന്മാരുമായി വെളിപ്പെടുന്ന "മഹത്വസമ്പൂർണ്ണനായ ക്രിസ്തുവിനെയാണ്" അവതരിപ്പിക്കുന്നത്.

# ഭൂപടത്തിൽ  തെസ്സലൊനീക്യ



# 2 തെസ്സലൊനീക്യർ – ഒരു രൂപരേഖ

## ഉപദ്രവങ്ങളുടെ മധ്യേ വിശ്വസ്തത ആചരിപ്പാനുള്ള പ്രോത്സാഹനം [1:1-12]

- വന്ദനം 1:1,2
- വിശ്വസ്തതയ്ക്കുള്ള നന്ദിസൂചകം 1:3-5
- പീഡകന്മാരുടെമേൽ വരുവാനിരിക്കുന്ന ന്യായവിധിയുടെ ഉറപ്പു 1:6-10
- അവരുടെ മഹത്വീകരണത്തിന് വേണ്ടിയുള്ള പ്രാർത്ഥന 1:11,12

## കർത്താവിൻറെ ദിവസത്തെക്കുറിച്ചുള്ള വിശദീകരണം [2:1-17]

- കർത്താവിൻറെ ദിവസം വന്നു കഴിഞ്ഞുവെന്ന ദുരുപദേശത്തിന്റെ തിരുത്തൽ 2:1,2
- കർത്താവിൻറെ ദിവസം ആരംഭിച്ചിട്ടില്ലെന്നുള്ള തെളിവ് 2:3-12
- വിശ്വാസികളിൽ ദൈവത്തിന്റെ വേലയും, വിശ്വാസികളുടെ പ്രതികരണവും 2:13-17

## ദൈവത്തോടുള്ള വിശ്വസ്തത തുടരുന്നതിനുള്ള ഉദ്ബോധനം [3:1-15]

- പ്രാർത്ഥനക്കായും കർത്തൃസേവനത്തിൽ തുടരുവാനും ആയുള്ള ആഗ്രഹം 3:1-5
- ഉദാസീനതയെ അപലപിക്കുക 3:6-15

## കൃപയും സമാധാനം ഉള്ളടങ്ങുന്ന ആശീർവാദം [3:16-18]

# അദ്ധ്യായം 1:

## ഉപദ്രവങ്ങളുടെ മദ്ധ്യേ വിശ്വസ്തത ആചരിപ്പാനുള്ള പ്രോത്സാഹനം [1:1-12]

**v.01** 1 തെസ്സലൊനീക്യർ ലേഖനത്തിന്റെ എഴുതുകാരായ **പൗലോസ്, ശീലാസ്, തിമൊഥെയോസ്** എന്നിവർ തന്നെയാണ് 2 തെസ്സലൊനീക്യർ ലേഖനത്തിന്റെയും ലേഖകരും ലേഖനപരിശോധകരും. എഴുതുകാരിൽ യാതൊരു മാറ്റവുമില്ലെന്നതിനാൽ, 2 തെസ്സലൊനീക്യർ ലേഖനം, 1 തെസ്സലൊനീക്യർക്കു തൊട്ടു പിന്നാലെ എഴുതപ്പെട്ടതാണ് എന്നതിന്റെ തെളിവാണ്.

**സഭയ്ക്ക്:** സഭയ്ക്ക് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന **"എക്കലീഷ്യ"** എന്ന പദത്തിന് **"കൂടിവരവ്"** അഥവാ **"അസംബ്ലി"** എന്നാണ് അർത്ഥം. തെസ്സലൊനീക്യസഭയുടെ സ്ഥാനം പ്രത്യേകം ശ്രദ്ധിക്കുക - പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലുമുള്ള തെസ്സലൊനീക്യസഭ !

**v.02** സഭയ്ക്കുള്ള പൗലോസിന്റെ വന്ദനത്തിൽ, ദൈവം മനുഷ്യന് നൽകിയ രണ്ട അത്യന്താപേക്ഷിതമായ ദാനങ്ങൾ ഉള്ളടങ്ങിയിരിക്കുന്നു - കൃപയും, സമാധാനവും. **കൃപ** എന്നത് ദൈവം വിശ്വാസികൾക്ക് യേശു ക്രിസ്തുവിലൂടെ നൽകുന്ന അനർഹമായ പ്രീതിയാണ്. **സമാധാനം** എന്നത് ദൈവവും മനുഷ്യനും തമ്മിലുള്ള ശത്രുത്വത്തിന്റെ അറുതിയാണ് സൂചിപ്പിക്കുന്നത്. തെസ്സലൊനീക്യ സഭയ്ക്ക് ഇവ രണ്ടും നല്ല അളവിൽ അനുഭവിച്ചറിയാൻ ഇടയായിത്തീർന്നു. വിഗ്രഹങ്ങളെ സേവിക്കുന്നതിൽ നിന്നും ജീവനുള്ള സത്യദൈവത്തിങ്കലേക്കു അവരെ തിരിച്ചത് ദൈവത്തിന്റെ കൃപ ഒന്നുമാത്രമാണ് (1 തെസ്സ 1: 9). സകലബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം ഒന്നുമാത്രമാണ് അവർക്ക് ഉപദ്രവങ്ങളെ സഹിഷ്ണതയോടെ നേരിടുവാനുള്ള ഉൾക്കരുത്ത് പകർന്നുകൊടുത്തു.

**v.03** തെസ്സലൊനീക്യ സഭ ഉപദ്രവങ്ങളുടെ മദ്ധ്യേ വിശ്വസ്തത പുലർത്തുന്നതിനാൽ പൗലോസ് ദൈവത്തിന്നു സ്തോത്രം ചെയുന്നു. 1 തെസ്സലൊനീക്യരിൽ (1തെസ്സ.3:10; 4:9-10) അവർക്കായിയുള്ള തൻറെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയായിരുന്നു. അവരുടെ വളർച്ച സ്വാഭാവിക പ്രതീക്ഷകൾക്ക് അപ്പുറത്തായിരുന്നു. **"ഏറ്റവും വർദ്ധിച്ചും", "പെരുകിയും"** എന്നീ വാക്കുകൾ പൗലോസ് ഉപയോഗിക്കുന്നത് ശ്രദ്ധിക്കുക.

**v.04** സഹിഷ്ണതയോടും, ദൃഢവിശ്വാസത്തോടും കൂടെ ഉപദ്രവങ്ങളെ സഹിച്ചുനിൽക്കുന്നത് നിമിത്തം, ക്രിസ്തുവിന്റെ സാക്ഷ്യത്തിനും തന്റെ നാമമഹത്വത്തിനും കാരണമായിത്തീരും.

**v.05 & 08a** വിശ്വാസികൾക്ക് വിരോധമായ ഉപദ്രവങ്ങളുടെ പിമ്പിൽ മറ്റൊരു ദൈവിക ഉദ്ദേശം ഉണ്ട്. അതു ദൈവത്തിന്റെ നീതിയെ വെളിപ്പെടുത്തി കാണിക്കുവാൻ വഴിയൊരുക്കുക എന്നതാണ്. എന്തെന്നാൽ നീതിമാൻമാർക്ക് വിരോധമായ പീഡനങ്ങൾ നിമിത്തം നീതികെട്ടവർ ശിക്ഷിക്കപ്പെടണമെന്ന് ദൈവത്തിന്റെ നീതിയുള്ള വിധി ആവശ്യപ്പെടുന്നു. കൂടാതെ, പീഡനം സഹിച്ചുനിൽക്കുന്നു എങ്കിലോ പ്രതിഫലം ഉണ്ട് - ദൈവരാജ്യത്തിന്നു നിങ്ങളെ യോഗ്യന്മാരായി എണ്ണും !

**v.06,07,08b** **കർത്താവായ യേശു......പ്രത്യക്ഷനായി:** 'പ്രത്യക്ഷനായി' എന്നതിന് ഗ്രീക്ക് ഭാഷയിൽ **'അപ്പോക്കലിപ്സിസ്'** എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ നിന്നാണ് ഇംഗ്ലീഷ് പദമായ **'അപ്പോക്കലിപ്സ്'** ആവിഷ്കരിക്കപ്പെട്ടത്. **മറനീക്കം ചെയ്യപ്പെട്ട്,** തന്റെ സകല മഹത്വത്തിലും കർത്താവായ യേശു ക്രിസ്തു **വെളിവാക്കപ്പെടും** എന്നതാണ് ഇതിന്റെ അർഥം. കർത്താവായ യേശു ക്രിസ്തുവിന്റെ ആദ്യസന്ദർശനവേളയിൽ, ബേത്ലഹേമിൽ ഒരു ശിശുവായി ജനിച്ചപ്പോൾ, താൻ തന്റെ തേജസ്സ് ഒഴിച്ചുവെച്ചത് നിമിത്തം, തന്റെ മഹത്വം എവർക്കും മറവായിരുന്നു. ലോകം അവനെ തിരിച്ചറിഞ്ഞില്ല. ഇപ്പോഴാകട്ടെ ലോകം താൻ ഇരിക്കും പോലെ തന്നേ അവനെ കാണും (വെളി. 1: 7). തന്റെ വെളിപാടിന്റെ ത്രിവിധമായ വിവരണം ശ്രദ്ധിക്കുക - **സ്വർഗ്ഗത്തിൽ നിന്നു; തന്റെ ശക്തിയുള്ള ദൂതന്മാരുമായി; അഗ്നിജ്വാലയിൽ.** ഇത് സഭയുടെ ഉൽപ്രാപണത്തെ തുടർന്ന് ഉണ്ടാകുന്ന ഏഴുവർഷത്തെ മഹോപദ്രവത്തിന്റെ അന്ത്യത്തിൽ കർത്താവായ യേശുക്രിസ്തു ഭൂമിയിലേക് മടങ്ങിവരുന്നതിനെ സൂചിപ്പിക്കുന്നു. **കർത്താവിൻറെ പ്രതികാരം രണ്ടു കൂട്ടം ജനത്തിന്റെമേൽ വന്നുഭവിക്കും;** 1) ദൈവത്തെ അറിയാത്തവർ [അവിശ്വാസികളായ വിജാതീയർ] 2) യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർ [ദൈവത്തെ അറിഞ്ഞിട്ടും തന്റെ പുത്രനെ തള്ളിക്കളഞ്ഞ അവിശ്വാസികളായ യഹൂദന്മാർ]. കർത്താവിൻറെ ന്യായവിധിക്ക് ആധാരമായിരിക്കുന്നത് അറിവും (വിശ്വാസം) അനുസരണവും ആണ് എന്നുള്ളത് ശ്രദ്ധേയമാണ്.

**ആശ്വാസം:** ആശ്വാസം എന്നത് ക്രിസ്തുവിൻറെ മടങ്ങിവരവിൽ ലഭിക്കുന്ന കഷ്ടതയിൽ നിന്നുള്ള നിവാരണമാണ്. ഒരു വിശ്വാസിക്ക് ഭൂമിയിലെ ജീവിതം ആത്മീയമായ പോരാട്ടമാണ്. കർത്താവിൻറെ സന്നിധിയിൽ മാത്രമേ അവൻ യഥാർത്ഥ ആശ്വാസം കണ്ടെത്തുകയുള്ളൂ. ഭാവിയിലുള്ള ഈ വിശ്രാമത്തിന്റെ വാഗ്ദാനം, കഷ്ടത അനുഭവിക്കുന്ന ക്രിസ്ത്യാനികളെ നിലവിലെ പരിശോധനകൾ സഹിച്ചുനിൽക്കാൻ സഹായിക്കുന്നു.

**v.09-12** **ആ നാളിൽ അവൻ.....വരുമ്പോൾ:** ആ നാൾ എന്നത്, നേരത്തെ സൂചിപ്പിച്ചതുപോലെ, കർത്താവായ യേശുക്രിസ്തു ഭൂമിയിലേക് മടങ്ങിവരുമ്പോൾ ഉള്ള 'മഹത്വ പ്രത്യക്ഷതയെ' കുറിക്കുന്നു. എന്നാൽ, **'വരുമ്പോൾ'** എന്ന പ്രയോഗം വിശ്വാസികളോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ്. **'വരുന്നു'** എന്ന വാക്കിന്, ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന **"പാറൂസിയ"** എന്ന പദത്തിന് **"ആഗമനം" അഥവാ "സാന്നിദ്ധ്യം"** എന്നാണ് അർഥം. അവിശ്വാസികളോടുള്ള ബന്ധത്തിൽ, കർത്താവിൻറെ രണ്ടാം വരവ്, അവർക്ക് അറിഞ്ഞുകൂടാത്ത ഒരുവന്റെ മറനീക്കൽ ആയിയിരിക്കുമ്പോൾ, വിശ്വാസികളോടുള്ള ബന്ധത്തിൽ, വിശ്വാസ കണ്ണാൽ എല്ലായ്പോഴും അവർ ഗ്രഹിച്ചിരുന്ന പരിചിതന്റെ **"ആഗമനം"** അഥവാ **"സ്പർശവേദ്യമായ സാന്നിദ്ധ്യം"** ആയി ഭവിക്കും.

**തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും:** ക്രിസ്തു വിശുദ്ധന്മാരുടെ മധ്യത്തിൽ മാത്രമല്ല വിശുദ്ധന്മാരിലും മഹത്വപ്പെടും, എന്തെന്നാൽ വിശ്വാസികൾ കർത്താവിൻറെ മഹത്വത്തെ പ്രതിഫലിപ്പിക്കുന്നു.

വിശ്വാസികളെ ഉപദ്രവിച്ച ദൈവത്തിന്റെ ശത്രുക്കൾ **നിത്യനാശം** എന്ന ശിക്ഷാവിധി അനുഭവിക്കും. ഇവിടെ "നിത്യനാശം" എന്ന പദത്തിന് ഉന്മൂലനം എന്നർത്ഥമാക്കുന്നില്ല; കാരണം അങ്ങനെങ്കിൽ **'നിത്യം'** എന്ന **നാമവിശേഷണത്തിന്** അർത്ഥമില്ലാതെവരും. യേശുവിനെ നിരസിക്കുന്നവരുടെ ഭയാനകമായ ഗതിയെ; ദൈവത്തിൽനിന്നുള്ള നിത്യമായ വേർപാട്, പാഴായിപോയ ഒരു അസ്തിത്വം; എന്നിവയെ സൂചിപ്പിക്കുന്നതാണ്.

**തന്റെ വിളിക്കു യോഗ്യരായി എണ്ണി:** വിളിയുടെ ഗൗരവം വിളിച്ചവന്റെ വ്യക്തിപ്രഭാവത്തെ ആശ്രയിച്ചിരിക്കുന്നു. വിളിച്ചവന് മറ്റാരുമല്ല ദൈവം തന്നെ. വിളിയുടെ പിൻപിലെ ഉദ്ദേശമോ; തന്റെ പുത്രനായ കർത്താവായ യേശുക്രിസ്തു തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനായി തന്നെ. **എത്ര ശ്രേഷ്ഠമായ വിളിയാണിത് !**

# പഠന വിലയിരുത്തൽ:

## 2 തെസ്സലൊനീക്യർ - ഒരു അവലോകനം

01. പൗലോസാണ് 2 തെസ്സലൊനീക്യർ എഴുതിയത് എന്ന് എങ്ങനെ തീർച്ചപ്പെടുത്താം ?

02. ഏതു മിഷനറി യാത്രയിൽ ആണ് തെസ്സലൊനീക്യ സുവിശേഷവൽക്കരിക പെട്ടത് ?

03. പൗലോസ് തെസ്സലൊനീക്യയിൽ എത്രനാൾ ശുശ്രുഷിച്ചു ?

04. തെസ്സലൊനീക്യ സഭയുടെ ശ്രദ്ധേയമായ സവിശേഷത എന്ത് ?

05. തെസ്സലൊനീക്യ സഭയെകുറിച്ചു എന്ത് വിവരമാണ് തിമൊഥെയൊസ് നൽകിയത് ?

06. 2 തെസ്സലൊനീക്യർ എഴുതിയതിന്റെ ഉദ്ദേശം എന്ത് ?

07. 2 തെസ്സലൊനീക്യരിലെ പ്രതിപാദ്യവിഷയം എന്ത് ?

08. 2 തെസ്സലൊനീക്യരിൽ പൗലോസ് ക്രിസ്തുവിനെ എങ്ങനെയാണ് ചിത്രീകരിക്കുന്നത് ?

09. ഏതു വേദഭാഗമാണ് പൗലോസിന്റെ തെസ്സലൊനീക്യയിലെ ശുശ്രുഷയെ വിവരിക്കുന്നത് ? ശ്രദ്ധയോടെ ആ ഭാഗം വായിക്കുക.

10. നിങ്ങളുടെ സ്വന്തം വാക്കിൽ തെസ്സലൊനീക്യ സഭയുടെ 5 ഗുണങ്ങൾ വിവരിക്കുക.

## അദ്ധ്യായം 1

01. 2 തെസ്സലൊനീക്യർ ലേഖനം, 1 തെസ്സലൊനീക്യർക്കു തൊട്ടു പിന്നാലെ എഴുതപ്പെട്ടതാണ് എന്ന് എങ്ങനെ തീർച്ചപ്പെടുത്താം ?

02. പൗലോസിന്റെ വാക്കുകളിലൂടെ പുതിയ നിയമ സഭയുടെ സ്ഥാനം എവിടെയാണ് ? നിങ്ങളുടെ കാഴ്ചപ്പാടിൽ അതിന്റെ പ്രാധാന്യം എന്താണ്?

03. കൃപ, സമാധാനം എന്നീ വാക്കുകളുടെ നിർവചനം എന്ത് ? നിങ്ങളുടെ ജീവിതത്തിൽ അവയുടെ സ്വാധീനം വിലയിരുത്തുക.

04. തെസ്സലൊനീക്യ സഭയുടെ വളർച്ച മികച്ചതായിരുന്നു എന്ന് സൂചിപ്പിക്കുന്ന രണ്ട് വാക്കുകൾ ഏതൊക്കെ?

05. പൗലോസിന്റെ വാക്കുകളിലൂടെ വിശ്വാസത്തിൽ വളരുന്നതിന്റേതായ നേരിട്ട് ഫലം എന്ത്?

06. വിശ്വാസികൾ നീതികെട്ടവരുടെ കൈയാൽ ഉപദ്രവിക്കപ്പെടുന്നതിന്റെ പിമ്പിലുള്ള കാരണം എന്തായിരികാം ?

07. "കർത്താവായ യേശു ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നു പ്രത്യക്ഷനാകുമ്പോൾ." ഇത് എന്തിനെ സൂചിപികുന്നു ? എപ്പോൾ സംഭവിക്കും ?

08. "നിത്യനാശം" എന്ന പദത്തെ വിവരിക്കുക. അത് ആർക്കാണ് ബാധകം ?

09. ദൈവത്തിന്റെ വിളിയുടെ അന്തിമ ഉദ്ദേശം എന്ത് ?

10. അദ്ധ്യായം 1 അടിസ്ഥാനമാക്കി, ഉൽപ്രാപണത്തിനു മുൻപായി എന്താണ് സംഭവിക്കുക എന്ന് വിവരിക്കുക ?

11. കർത്താവിൻറെ 'മഹത്വ പ്രത്യക്ഷതെയെ' തന്റെ 'ജഡാവതാരവുമായി' താരതമ്യം നടത്തി വ്യത്യാസങ്ങളെ ചൂണ്ടിക്കാണിക്കുക ?

12. കർത്താവിൻറെ 'വെളിപ്പാടു' തന്റെ 'ഉൽപ്രാപണവുമായി' താരതമ്യം നടത്തി വ്യത്യാസങ്ങളെ ചൂണ്ടിക്കാണിക്കുക ?

## പ്രായോഗികക പഠന നിർദ്ദേശങ്ങൾ :

01. പഠനത്തെ അടിസ്ഥാനമാക്കി, അദ്ധ്യായം 1 ലെ താക്കോൽ പദങ്ങളുടെയും താക്കോൽ വാക്യങ്ങളുടെയും ഒരു പട്ടിക തയ്യാറാക്കുക.

02. ക്രിസ്തുവിന്റെ രണ്ടാം വരവിനെ പരാമർശിക്കുന്ന എല്ലാ വാക്യങ്ങളും കുറിച്ചു വയ്ക്കുക.

03. അധ്യായത്തിൽ ഉൾപ്പെട്ടിരിക്കുന്ന 'പ്രാർഥനകൾ' കണ്ടെത്തി, അതിൻറെ പ്രായോഗിക അർത്ഥതലങ്ങളെ വിവരിക്കുക.

04. ഈ അധ്യായത്തിൽ നിന്നു, പ്രായോഗിക ജീവിതത്തിൽ പകർത്തേണ്ടതായിട്ടുള്ള, വസ്തുതകൾ രേഖപ്പെടുത്തുക.

05. അദ്ധ്യായം 1 ലെ പ്രധാന പൊതു ഉള്ളടക്കം എന്ത്? പൌലോസ് തന്റെ വായനക്കാരോടായി എന്ത് പറയുവാനാണ് ഭാവിക്കുന്നത് എന്ന് എഴുതുക.

# അദ്ധ്യായം 2:

### കർത്താവിന്റെ ദിവസത്തെക്കുറിച്ചുള്ള വിശദീകരണം [2:1-17]

**v.01-02** കർത്താവിന്റെ പുനരാഗമനത്തെ സംബന്ധിച്ചു തെറ്റിദ്ധാരണകൾ പരത്തുന്ന ദുരുപദേഷ്ടാക്കന്മാരാൽ തെസ്സലൊനീക്യ വിശ്വാസികൾ വഴിതെറ്റിക്കപ്പെടുന്നു എന്നു പൗലോസിന് ലഭിച്ച വാർത്തയോടുള്ള പ്രതികരണമാണ് ഈ രണ്ട് വാക്യങ്ങൾ.

**നമ്മുടെ സമാഗമനവും:** "സമാഗമനം" എന്നതിനുള്ള ഗ്രീക്ക് പദം സർവ്വസഭയുടെ കൂടിച്ചേരലിനെ സൂചിപ്പിക്കുന്നതും, ആദ്യമായി സകല വിശ്വാസികളും ഉൾപ്പെടുന്ന സഭാസമൂഹം, ഉൽപ്രാപണത്തിൽ കർതാവിനെ ആരാധിപ്പാൻ മദ്ധ്യാകാശത്തിൽ ഒന്നിച്ചുകൂടി വരുന്നതിനെ സൂചിപ്പിക്കുന്നതും ആയിരികാം. (1 തെസ്സ. 4: 17)

**വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ:** വഞ്ചനയ്ക്കു ഹേതുവായേക്കാവുന്ന മൂന്ന് കാര്യങ്ങൾ പൗലോസ് എടുത്തുപറയുന്നു **[1] വല്ല ആത്മാവിനാലോ** (ദൈവത്തിൽ നിന്നല്ലാത്ത വ്യാജാത്മാവ്) **[2] വചനത്താലോ** (തെറ്റായ പഠിപ്പിക്കലും ദുരുപദേശവും) **[3] ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ** (അതായത് ഒരു വ്യാജ കത്ത് - പൗലോസ് അപ്പോസ്തലന്റെ പക്കൽ നിന്ന് തെസ്സലൊനീക്യർക് അയക്കപ്പെട്ടു എന്നു തോന്നിപ്പിക്കുന്നതായ, തെറ്റായ പഠിപ്പിക്കലുകൾ അടങ്ങുന്ന ഒരു വ്യാജ കത്തും പ്രസ്താവനയും ആണ് എല്ലാ ആശയക്കുഴപ്പങ്ങൾക്കും കാരണം എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു). ആ തെറ്റായ പഠിപ്പിക്കൽ എന്തെന്നാൽ, കർത്താവിന്റെ ദിവസം വന്നു കഴിഞ്ഞുവെന്നും, അവർ നേരിട്ടുകൊണ്ടിരിക്കുന്നതായ എല്ലാ പീഡനങ്ങളുടെയും കാരണം, കർത്താവിന്റെ രണ്ടാം വരവിനോടനുബന്ധിച്ചുണ്ടാകുന്ന മഹോപദ്രവത്തിൽ കൂടി അവർ കടന്നു പോകുന്നത് നിമിത്തമാണ്, എന്നുള്ളതായിരുന്നു.

**v.03** തെറ്റായ പഠിപ്പിക്കലിനെ ചെറുക്കുന്നതിനായി, കർത്താവിന്റെ ദിവസം വന്നു കഴിഞ്ഞുവെന്നു താൻ ഒരിക്കലും പഠിപ്പിച്ചിട്ടില്ലാ എന്ന് പൗലോസ് ഊന്നിപ്പറയുന്നു. അതിന്റെ തെളിവ് എന്നത്, കർത്താവിന്റെ ദിവസത്തിനു മുന്നോടിയായി രണ്ടു സംഭവങ്ങൾ നടക്കേണ്ടിയിരിക്കുന്നു. **[1] വലിയ വിശ്വാസത്യാഗം** (വിശ്വാസത്തിൽനിന്ന് വീണുപോകുക) **[2] അധർമ്മമൂർത്തിയുടെ പ്രത്യക്ഷത. വിശ്വാസത്യാഗം:** വിശ്വാസത്യാഗം എന്നതിന് ഗ്രീക്ക് ഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദത്തിന് **'സൈനിക വിപ്ലവം'** എന്നാണ് പൊതുവിലുള്ള

അർഥം. എന്നാൽ വേദപുസ്തകത്തിൽ ഈ പദം, എതിർക്രിസ്തുവിന്റെ പ്രത്യക്ഷതക്കു വഴിയൊരുക്കുന്ന 'ദൈവത്തിനു വിരോധമായ മത്സരത്തെ' ആണ് സൂചിപ്പിക്കുന്നത്. ഈ ഗ്രീക്കുപദത്തിന് **'പുറപ്പെടൽ'** എന്നും അർഥം ഉണ്ട്; അങ്ങനെയെങ്കിൽ അത് 'ഉൽപ്രാപണത്തെ' സൂചിപ്പിക്കുന്നു. അതായത്, ക്രിസ്തു വന്നു തന്റെ സഭയെ തന്നോട് ചേർക്കുന്നതുവരെ അധർമ്മമൂർത്തിയായവൻ വെളിപ്പെടുകയില്ല. ആകയാൽ ഈ പദപ്രയോഗം, ആത്മീയമായി വിശ്വാസത്തിൽ നിന്നുള്ള 'പുറപ്പെടൽ' (വിശ്വാസത്യാഗം); അല്ലെങ്കിൽ ശാരീരികമായ 'പുറപ്പെടൽ' (ഉൽപ്രാപണം) എന്നിവയെ സൂചിപ്പിക്കുന്നതാണ്.

**അധർമ്മമൂർത്തിയുമായവൻ:** ഈ മനുഷ്യന്റെ പേര് അന്തിക്രിസ്തു ആണ് എന്ന് പൗലോസ് പരാമർശിക്കുന്നില്ല എങ്കിലും തന്റെ വിവരണം, വെളിപ്പാടിൽ അന്തിക്രിസ്തുവിനെ കുറിച്ചുള്ള യോഹന്നാന്റെ വിവരണവുമായി സാമ്യമുള്ളതാണ്. (1യോഹ 2:18; വെളി 13) അധർമ്മമൂർത്തിയായവൻ, ദൈവത്തിനു വിരോധമായ മത്സരത്തിൽ ലോകത്തെ നയിക്കും.

**v.04** **ദൈവാലയത്തിൽ ഇരുന്നുകൊണ്ടു:** മഹോപദ്രവകാലത്തിന്റെ പകുതിയിൽ അധർമ്മമൂർത്തിയായവൻ (അന്തിക്രിസ്തു) സ്വയം ദൈവം എന്ന് പ്രഖ്യാപിക്കുകയും ആരാധന അവകാശപ്പെടുകയും ചെയ്യും. സ്വയം ദൈവം എന്ന് അവകാശപ്പെട്ടുകൊണ്ട് യെരുശലേം ദൈവാലയത്തിൽ ഒരുപക്ഷേ തന്റെ പ്രതിമ സ്ഥാപിക്കുകയോ അല്ലെങ്കിൽ അക്ഷരാർത്ഥത്തിൽ നിൽക്കുകയോ ചെയുമ്പോൾ ദാനീയേൽപ്രവാചകനും (ദാനീ. 9:26-27; 11:31,36,37) യേശു ക്രിസ്തുവും (മത്താ. 24:15; മർക്കൊസ് 13:14) മുൻകൂട്ടി പറഞ്ഞ **'ശൂന്യമാക്കുന്ന മ്ളേച്ഛതയുടെ'** ആത്യന്തികമായ നിവൃത്തി സംഭവിക്കും.

**v.05** **പറഞ്ഞു എന്നു ഓർക്കുന്നില്ലയോ:** തെസ്സലൊനീക്യർക് എഴുതിയ ഒന്നാം ലേഖനത്തിൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചു പൗലോസ് നൽകിയ ഉപദേശത്തെ കുറിച്ചുള്ള ഒരു പരാമർശമാണിത്. (1 തെസ്സ. 4:13 – 5:11).

**v.07** **ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു:** എല്ലാ അധർമത്തിനും മൂലകാരണമായ ദുഷ്ടതയും വഞ്ചനയും ഇപ്പോൾത്തന്നെ ഇന്നത്തെ ലോകത്തിൽ നടമാടുന്നുണ്ട്. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കുന്നു എന്ന് യോഹന്നാൻ ലേഖനത്തിൽ പറയുന്നു. (1 യോഹ 2:18) ക്രിസ്തുവിനെയും തന്റെ സഭയെയും എതിർക്കുകയും, വഞ്ചനയാൽ മറ്റുള്ളവരെ വിഗ്രഹാരാധനയ്ക്കു

പ്രേരിപ്പിക്കുകയും ചെയ്യുന്നവർ ക്രിസ്തുവിനു വിരോധമായി നിലകൊള്ളുന്നു; ആ അർത്ഥത്തിൽ അവർ എതിർക്രിസ്തുക്കളാണ്.

**തടുക്കുന്നവൻ:** അധർമ്മമൂർത്തി വെളിപ്പെടണമെങ്കിൽ ഇതുവരെ തടുക്കുന്നവൻ - ദൈവത്തിന്റെ ആത്മാവ് ആയിരികാം - ലോകത്തിൽനിന്നു മാറ്റപ്പെടേണ്ടത് ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവം ലോകത്തിൽ പാപത്തെ തടയുന്നു.

**വഴിയിൽനിന്നു നീങ്ങിപോക:** പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം കൂടാതെ സഭ നിലകൊള്ളുന്നില്ല എന്നതിനാൽ, ഇത് സഭയുടെ ഉൽപ്രാപണത്തെ സൂചിപ്പിക്കുന്നു എന്നു ചിലർ വ്യാഖ്യാനിക്കുന്നു. ഇങ്ങനെ, ഉൽപ്രാപണത്താൽ സഭ മാറ്റപ്പെടുമ്പോൾ, പാപത്തിന്റെ ശക്തിയുടെമേൽ ഉള്ള എല്ലാ തടസ്സവും ലോകത്തിൽ നിന്ന് നീക്കംചെയ്യപ്പെടും!

**v.08** അധർമ്മമൂർത്തിയായവൻ വളരെ പ്രബലനായി വെളിപ്പെട്ടുവരും (വെളി.13:7) എങ്കിലും കർതാവ് വരുമ്പോൾ തന്നെ പരാജയപ്പെടുത്തുകയും തീപ്പൊയ്കയിൽ തള്ളിയിടുകയും ചെയ്യും. (വെളി. 19:19-20).

**v.09** അധർമ്മമൂർത്തിയെ സാത്താനാണ് പിന്തുണയ്ക്കുന്നത്. ആളുകളെ വഞ്ചിച്ച്, താൻ ദൈവമാണെന്നു വരുത്തിത്തീർക്കുവാനായി സാത്താൻ; ആദിമ സഭയിൽ പരിശുദ്ധാത്മാവ് ക്രിസ്തുവിനെ കുറിച്ചുള്ള സത്യം ഉറപ്പിക്കുവാനായി ഉപയോഗിച്ചിരുന്ന സമാന ശക്തിയും അടയാളങ്ങളും അത്ഭുതങ്ങളും അവലംബിക്കുന്നത് വളരെ ശ്രദ്ധേയമാണ്. (2 കൊരി.12:12; എബ്രാ. 2:4).

**v.11** **സത്യത്തെ വിശ്വസിക്കാതെ:** ഇവിടെ നാം ശിക്ഷാവിധിക്കു ആധാരമായിരിക്കുന്ന കാര്യകാരണം കാണുന്നു. സുവിശേഷത്തിന്റെ സത്യം തള്ളിക്കളയുന്നത് എല്ലായ്പ്പോഴും ശിക്ഷാവിധിക്കു കാരണമായി ഭവിക്കുന്നു. ഒരിക്കലും സുവിശേഷം കേൾക്കാത്തവർ പോലും സൃഷ്ടിയിലൂടെ തെളിവാകുന്ന ദൈവവെളിപാടിനെ നിഷേധിക്കുവാൻ സാധിക്കും. (റോമർ 1:18-21).

**v.13** **സ്തുതിപ്പാൻ:** തെസ്സലൊനീക്യ വിശ്വാസികൾക്ക് ലഭിച്ച രക്ഷയ്ക്കായി പൌലോസ് ദൈവത്തെ സ്തുതിപ്പാൻ നിർബന്ധിതനായിരുന്നു, എന്തെന്നാൽ

ദൈവത്തിന്റെ തിരഞ്ഞെടുപ്പിനാലും, അവരിൽ ദൈവം ആത്മാവിനാലും വചനത്താലും ചെയ്ത വേല നിമിത്തവും ആണ് അത് സാധ്യമായത്.

**തിരഞ്ഞെടുത്തതുകൊണ്ടു:** ഗ്രീക്ക് ഭാഷയിൽ ഈ ക്രിയാപദത്തിന്റെ കാലം സൂചിപ്പിക്കുന്നത് ദൈവം മുൻകാലങ്ങളിൽ തെസ്സലോനിക്യരെ തന്റെ ജനമായി തെരഞ്ഞെടുത്തിരുന്നു എന്നുള്ളതാണ്; അതായത് ആദി മുതൽ തന്നെ.

**വിശുദ്ധീകരണത്തിലും:** ഒരു വിശുദ്ധ ഉദ്ദേശ്യം അല്ലെങ്കിൽ ഉപയോഗത്തിനായി വേർതിരിക്കുക. ആത്മാവും സത്യവും (ദൈവവചനം) തമ്മിലുള്ള ബന്ധം ഇവിടെ വ്യക്തമാകുന്നു. വചനം കൂടാതെ ആത്മാവ് മൂകനാണ്; തനിക്ക് പറയുവാൻ ഒന്നുമില്ല. ആത്മാവ് കൂടാതെ വചനം നിർജീവമാണ്; അതിന് പ്രവർത്തിക്കാൻ ത്രാണിയില്ല.

**v.14** **ഞങ്ങളുടെ സുവിശേഷം:** ക്രിസ്തു പാപികൾക്കുവേണ്ടി മരിച്ചു എന്നുള്ളത് ക്രിസ്തുവിന്റെ സുവിശേഷമാണ് (1തെസ്സ. 3:2); അത് പിതാവായ ദൈവത്തിന്റെയും സുവിശേഷമാണ്. (1തെസ്സ. 2:8) എന്നാൽ **'ഞങ്ങളുടെ സുവിശേഷം'** എന്നു പൗലോസ് പറയുമ്പോൾ അത് ദൈവഭവനത്തിൽ ആക്കപെട്ട എല്ലാ വിശ്വാസികൾക്കും ദൈവഭവനാംഗം ആയിട്ടില്ലാത്തവരോട് സുവിശേഷം അറിയിക്കുവാനുള്ള ഭാരിച്ച ചുമതലയെ എടുത്തുകാണിക്കുന്നു.

**മഹത്വം പ്രാപിപ്പാനല്ലോ:** 1 തെസ്സ 1: 10-ൽ നാം നേരത്തെ കണ്ടത് പോലെ ദൈവവിളിയുടെ പിന്നിലെ ആത്യന്തിക ലക്ഷ്യം ഇവിടെ ദൃശ്യമാകുന്നു. തെസ്സലൊനീക്യർ ദൈവത്താൽ തന്നെ വിളിക്കപ്പെടുകയും രക്ഷ പ്രാപിക്കുകയും ചെയ്തു. (v.13) ഇപ്പോൾ അവരുടെ ഉത്തരവാദിത്വം എന്നത് ഈ ഭൂമിയിലായിരിക്കുമ്പോൾ ഒരു വിശുദ്ധ ജീവിതം നയിച്ചുകൊണ്ട് ക്രിസ്തുവിനോടൊപ്പമുള്ള മഹത്വകരമായ ഭാവിക്കായി ഒരുങ്ങുക എന്നുള്ളതാണ്.

**v.15** **പ്രമാണങ്ങളെ:** സാധാരണയായി ഈ പദം മാനുഷിക പാരമ്പര്യങ്ങളെയും വ്യക്തികൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടുന്ന നിർദ്ദേശങ്ങളെയും ആണ് കുറിക്കുന്നത്. എന്നാൽ ഇവിടെ, താനും അപ്പൊസ്തലന്മാരും ഉപദേശിച്ച തെറ്റ് കലരാത്ത ദൈവിക സത്യങ്ങളുടെ വെളിപ്പാടുകളെ കുറിച്ചാണ് പൗലോസ് പരാമർശിക്കുന്നത്.

**ലേഖനത്താലോ:** തന്റെ ഒന്നാം ലേഖനത്തിലൂടെ പൗലോസ് തെസ്സലൊനീക്യർക് കൈമാറിയ സത്യങ്ങളും, തന്റെ രണ്ടാം ലേഖനത്തിലൂടെ ആ സത്യങ്ങളെ കുറിച്ച് താൻ നൽകുന്നതായ വിശദീകരണവും ആണ് ഇവിടത്തെ പരാമർശം. ഈ

അവസരത്തിൽ, പുതിയ നിയമം ഇതുവരെ എഴുതപ്പെട്ടിരുന്നില്ലെന്നും ക്രൈസ്തവ വിശ്വാസം അപ്പോസ്തലന്മാരുടെ പ്രസംഗം (പ്രമാണങ്ങൾ) മുഖേനയും ലേഖനങ്ങൾ മുഖേനയും ആണ് പ്രചരിപ്പിക്കപ്പെട്ടിരുന്നത് എന്ന് ഓർത്തിരിക്കണം.

**v.16-17** മൂന്നാം അദ്ധ്യായത്തിൽ തന്റെ നിർദേശങ്ങൾ തുടരുംമുമ്പ് പൗലോസ് രണ്ടാം അദ്ധ്യായത്തിന്റെ ഒടുവിലായി, ദൈവം തെസ്സലോനീക്യരെ സത്യത്തിൽ ധൈര്യപ്പെടുത്തേണ്ടതിനായും ഉറപ്പിക്കേണ്ടതിനായും പ്രാർത്ഥിക്കുന്നു.

**ആശ്വസിപ്പിച്ചു, സ്ഥിരപ്പെടുത്തുമാറാകട്ടെ:** ആശ്വസിപ്പിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും ആരാണ്? 16-ാം വാക്യത്തിന്റെ ആരംഭത്തിൽ നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവും പിതാവായ ദൈവവും ഉൾപ്പെടുന്ന ഒരു ബഹുത്വം ആണ് ആശ്വസിപ്പിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നത്. ഇത് ദൈവത്വത്തിന്റെ രണ്ട് ആളത്തങ്ങൾ തമ്മിലുള്ള ഐക്യത, തുല്യത എന്നിവയുടെ സൂചനയാണ്. (1 തെസ്സ. 3:11 നോക്കുക)

# പഠന വിലയിരുത്തൽ:

## അദ്ധ്യായം 2

01. 'സമാഗമനം' എന്ന പദത്തിന്റെ അർത്ഥം എന്താണ്?

02. അപ്പോസ്തലനായ പൌലോസ് തിരുത്താൻ ശ്രമിച്ച 'തെറ്റായ പഠിപ്പിക്കൽ' എന്തായിരുന്നു? ഈ 'തെറ്റായ പഠിപ്പിക്കൽ' ഉടലെടുത്തത് എങ്ങനെ?

03. കർത്താവിന്റെ ദിവസം ഇതുവരെ വന്നിട്ടില്ല എന്നതിന്റെ തെളിവ് എന്ത്?

04. 'വിശ്വാസത്യാഗം' എന്ന പദത്തിന്റെ സാധ്യമായ രണ്ട് വ്യാഖ്യാനങ്ങൾ എന്തെല്ലാം?

05. അധർമ്മമൂർത്തിയായവൻ ആരാണ്? 'ശൂന്യമാക്കുന്ന മ്ളേച്ഛതയുടെ' പ്രവചന നിവൃത്തിയിൽ തന്റെ പങ്ക് എന്ത്?

06. 'അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ടു' എന്ന് പൗലോസ് പറയുന്നത് എന്തുകൊണ്ട്? അധർമ്മമൂർത്തിയെ തടുക്കുന്നത് ആര്?

07. 2 തെസ്സലൊനീക്യരിൽ നിന്ന് ദൈവിക തിരഞ്ഞെടുപ്പിന്റെ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുക.

08. മനുഷ്യന്റെ രക്ഷയോടുള്ള ബന്ധത്തിൽ ആത്മാവിന്റെയും ദൈവ വചനത്തിന്റെയും പ്രവൃത്തി തമ്മിലുള്ള ബന്ധം വിവരിക്കുക.

09. 'പ്രമാണവും' 'ലേഖനവും' എന്നീ പദങ്ങൾ വിശദീകരിക്കുക. ക്രൈസ്തവ വിശ്വാസ പ്രചരണത്തിൽ അവ വഹിച്ച പങ്ക് വിവരിക്കുക.

10. രണ്ടാം അദ്ധ്യായത്തിൽ നിന്ന് പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും തമ്മിലുള്ള ഐക്യതയും സമത്വവും തെളിയിക്കുക.

## പ്രായോഗികക പഠന നിർദ്ദേശങ്ങൾ :

01. പഠനത്തെ അടിസ്ഥാനമാക്കി, അദ്ധ്യായം 2-ലെ താക്കോൽ പദങ്ങളുടെയും താക്കോൽ വാക്യങ്ങളുടെയും ഒരു പട്ടിക തയ്യാറാക്കുക.

02. ക്രിസ്തുവിന്റെ രണ്ടാം വരവിനെ പരാമർശിക്കുന്ന എല്ലാ വാക്യങ്ങളും കുറിച്ചു വയ്ക്കുക.

03. അദ്ധ്യായത്തിൽ ഉൾപ്പെട്ടിരിക്കുന്ന 'പ്രാർത്ഥനകൾ' കണ്ടെത്തി, അതിന്റെ പ്രായോഗിക അർത്ഥതലങ്ങളെ വിവരിക്കുക.

04. ഈ അധ്യായത്തിൽ നിന്നു, പ്രായോഗിക ജീവിതത്തിൽ പകർത്തേണ്ടതായിട്ടുള്ള, വസ്തുതകൾ രേഖപ്പെടുത്തുക.

05. അധ്യായം 2-ലെ പ്രധാന പൊതുവായ ഉള്ളടക്കം എന്ത്? പൌലോസ് തന്റെ വായനക്കാരോടായി എന്ത് പറയുവാനാണ് ഭാവിക്കുന്നത് എന്ന് എഴുതുക.

06. വേദപുസ്തകത്തിൽ "കർത്താവിന്റെ ദിവസം" എന്നു പരാമർശിച്ചിരിക്കുന്നതായ ഭാഗങ്ങൾ തുടർന്നു പഠിക്കുക.